**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക്കൽ സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 136 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻസ് 62, 63- ൽ വ്യതിയാനം അനുവദിച്ച് ശിരോപരി ലൈനിന് താഴെ ഗാർഹിക ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് ഉപാധികളോടെ അനുമതി നൽകിയും ഗാർഹിക ആവശ്യത്തിന് അല്ലാത്തതും ശിരോപരി ലൈനിൽ നിന്നും നിശ്ചിത ലംബ അകലം പാലിക്കാത്തതുമായ അപേക്ഷകൾ നിരസിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.102/2025/POWER തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:-

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക്കൽ സപ്ലൈ) റെഗുലേഷൻസ് 2023.
2. സ.ഉ.(എ.എസ്.) നം. 7/2024/പവർ തീയതി: 21.10.2024.
3. ശിരോപരി ലൈനിന് അടിയിൽ കെട്ടിട നിർമ്മാണത്തിന് വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 01.02.2025 തീയതിയിലെ യോഗതീരുമാനം.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 05.03.2025, 11.04.2025 തീയതികളിലെ സിഇഐ/5751/2024-ബി4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻറ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഉണ്ടെങ്കിലും റെഗുലേഷൻ 136 പ്രകാരം വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 2. പ്രകാരം രൂപീകൃതമായ

മൂന്നംഗ കമ്മിറ്റിയുടെ പരാമർശം 3. ലെ യോഗ തീരുമാനം പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ 16 അപേക്ഷകർക്ക് മേൽ റെഗുലേഷൻസിലെ റെഗുലേഷൻ 63-ൽ അനുശാസിക്കുന്ന ലംബ അകലം ഉള്ളതിനാലും ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആയതിനാലും ഉപാധികളോടെ അനുമതി നൽകുവാനും ശിരോപരി ലൈനിൽ നിന്നും റെഗുലേഷൻ അനുശാസിക്കുന്ന നിശ്ചിത ലംബ അകലം ഇല്ലാത്തതും / നിർമ്മാണ ഉദ്ദേശ്യം വാണിജ്യാടിസ്ഥാനത്തിൽ ആയതുമായ ക്രമ നം. 17 മുതൽ 19 വരെയുള്ള അപേക്ഷകൾ നിരസിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 4. പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | ജില്ല | ലൈനും ലൈനിൽ നിന്നുള്ള അകലവും | നിർമ്മാണ ഉദ്ദേശ്യം |
|---|---|---|---|---|
| 1 | ശ്രീമതി.മെഹർബാൻ | എറണാകുളം | 220kV, 14.7 m | ഗാർഹികം |
| 2 | ശ്രീ.പുരുഷൻ & മോളി | ആലപ്പുഴ | 66 kV, 7.3m | " |
| 3 | ശ്രീ.മോഹനൻ നായർ & ശ്രീമതി.സരോജിനി അമ്മ | തിരുവനന്തപുരം | 66 kV, 4.0m | " |
| 4 | ശ്രീ.വിൻസെന്റ് & ശ്രീമതി.വസന്ത | തിരുവനന്തപുരം | 110 kV, 6.75m | " |
| 5 | ശ്രീമതി.പ്രഭാകുമാരി | തിരുവനന്തപുരം | 110 kV, 7.55m | " |
| 6 | ശ്രീമതി.സജീല | തിരുവനന്തപുരം | 220 kV, 20.36 m | " |
| 7 | ശ്രീ.അനിൽ കുമാർ | തിരുവനന്തപുരം | 220 kV, 6.6 m | " |
| 8 | ശ്രീമതി.ഗീത എ | ആലപ്പുഴ | 66 kV, 9.75 m | " |
| 9 | ശ്രീ.വർഗ്ഗീസ് | ആലപ്പുഴ | 110 kV, 7.5 m | " |
| 10 | ശ്രീ.ടി.എൻ.ആനന്ദൻ & ശ്രീമതി.വനജ | എറണാകുളം | 110 kV, 6.95 m | " |
| 11 | ശ്രീ.മധു. എം.പി. | എറണാകുളം | 66 kV, 8.5 m | " |
| 12 | ശ്രീ.അജിലാൽ ജെ.പി. | തിരുവനന്തപുരം | 220 kV, 17.75 m | " |
| 13 | ശ്രീ.അനിൽകുമാർ വി. | തിരുവനന്തപുരം | 110 kV, 10.33 m | " |
| 14 | ശ്രീമതി.ഇന്ദിര പി. | തിരുവനന്തപുരം | 220 kV, 6.5 m | " |
| 15 | ശ്രീ.ഡി.എ.രാജൻ & ശ്രീമതി.അനിത ഒ | തിരുവനന്തപുരം | 220 kV, 8.1 m | " |

| | | | | |
|---|---|---|---|---|
| 16 | ശ്രീമതി.അമ്പിളി ബി. | തിരുവനന്തപുരം | 110 kV, 10.3 m | " |
| 17 | ശ്രീ.ഖാദർ & ജമീല | കോഴിക്കോട് | 110 kV ലൈനിൽ നിന്നും റെഗുലേഷൻ അനുശാസിക്കുന്ന 4.6 m ലംബ അകലം ഇല്ല. | |
| 18 | ശ്രീ.ജോജോ എബ്രഹാം | കോട്ടയം | | വാണിജ്യ ആവശ്യത്തിന് |
| 19 | ശ്രീ.രജിത്ത് ആർ.എസ്. | തിരുവനന്തപുരം | | വാണിജ്യ ആവശ്യത്തിന് |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻറ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി റെഗുലേഷനിലെ റെഗുലേഷൻ 136(1) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആൻറ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചുകൊണ്ട് ടി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി, റെഗുലേഷൻ 63 അനുശാസിക്കുന്ന ലംബ അകലം ഉള്ളതും ഗാർഹിക ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന മേൽ പട്ടികയിലെ ക്രമ നം. 1 മുതൽ 16 വരെയുള്ള അപേക്ഷകർക്ക് ഗാർഹിക ആവശ്യത്തിനായി മാത്രം ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.
ശിരോപരി ലൈനിൽ നിന്നും നിശ്ചിത ലംബ അകലം ഇല്ലാത്തതും നിർമ്മിക്കുന്ന കെട്ടിടം ഗാർഹിക ആവശ്യത്തിന് അല്ലാത്തതുമായ മേൽ പട്ടികയിലെ ക്രമ നം. 17 മുതൽ 19 വരെയുള്ള അപേക്ഷകൾ നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശിരോപരി ലൈനുകൾക്ക് അടിയിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന അപേക്ഷകർ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 65-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിക്കുകയും ടി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ /

ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

4. അതോടൊപ്പം ശിരോപരി വൈദ്യുതി ലൈനിന്റെ താഴെ കെട്ടിട നിർമ്മാണം നടത്തുന്നത് സ്ഥലം ഉടമയുടെ /കെട്ടിടം നിർമ്മിക്കുന്ന വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ആണെന്നും ഇപ്രകാരം ഭാവിയിൽ കെട്ടിടം ഉപയോഗിക്കുന്ന അവസരത്തിൽ ഈ ലൈൻ നിമിത്തം ജീവനോ സ്വത്തിനോ പിന്നീട് എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം യാതൊരു വിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും വൈദ്യുതി വിതരണ കമ്പനിക്കോ വൈദ്യുതി ലൈനിന്റെ ഉടമയ്ക്കോ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിനോ സൂചന (3) പ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയ്ക്കോ ഇക്കാര്യത്തിൽ യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്നും ഈ വിഷയം സംബന്ധിച്ച് സർക്കാരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പോ വൈദ്യുതി വിതരണ കമ്പനികളോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതാണെന്നുമുള്ള സത്യപ്രസ്താവന ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അപേക്ഷകനിൽ നിന്നും വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ& ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 17-05-2025 13:40:26

സെക്ഷൻ ഓഫീസർ